DCETVM/4064/2024-B3

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി -23-10-2025

**നോട്ടീസ്**

സംസ്ഥാനത്തെ സർക്കാർ സംഗീത കോളേജുകളിലെ പാഠ്യപദ്ധതി പരിഷ്കരണം, വിശേഷാൽ ചട്ടങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തി ശുപാർശ സമർപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 22.02.2025 തീയതിയിലെ സ.ഉ.(സാധാ) നം 236/2025/HEDN പ്രകാരം രൂപീകരിച്ച കമ്മറ്റിയുടെ പ്രാഥമിക യോഗം 20.08.2025ന് തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സർക്കാർ സംഗീത കോളേജിൽ ചേരുകയും ഈ വിഷയങ്ങളിൽ പൊതു അഭിപ്രായം തേടാനും തീരുമാനിച്ചു. പ്രസ്തുത കമ്മിറ്റി ചുവടെ പറയുന്ന തീയതികളിൽ ബന്ധപ്പെട്ടവരിൽ നിന്നും പരാതികൾ/അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ എന്നിവ സ്വീകരിക്കുന്നതാണ്.

| സ്ഥലം | തീയതി , സമയം |
|---|---|
| **രാധാലക്ഷ്മി വിലാസം സർക്കാർ സംഗീത കോളേജ്, തൃപ്പൂണിത്തുറ** | **10.11.2025. തിങ്കൾ**<br>10.30 AM |
| **ഇൻസ്റ്റിട്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എജ്യുക്കേഷൻ, തൃശ്ശൂർ** | **11.11.2025. ചൊവ്വ**<br>10.30. AM |

സംഗീത വിദ്യാഭ്യാസത്തിന്റെ സിലബസ് പരിഷ്കരണം. സംഗീത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ, വിശേഷാൽ ചട്ടങ്ങളിലെ പരിഷ്കരണം, കാലോചിതമായ മറ്റ നിർദേശങ്ങൾ, പരിഗണന അർഹിക്കുന്ന മറ്റ് വിഷയങ്ങൾ എന്നിവയിൽ കോളേജ് പ്രിൻസിപ്പൽമാർ, അധ്യാപകർ, അനധ്യാപകർ, സർവീസ് സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥികൾ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, രക്ഷിതാക്കൾ, പൊതുജനങ്ങൾ എന്നിവർക്ക് കമ്മിറ്റി മുൻപാകെ ഹാജരാകാവുന്നതും മുകളിൽ സൂചിപ്പിച്ചിരിക്കും പ്രകാരം പരാതികൾ/അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ എന്നിവ സമർപ്പിക്കാവുന്നതുമാണ്.

Signed by
Sudhir K
Date: 23-10-2025 21:59:28

**സുധീർ കെ. ഐ എ എസ്**
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്,

1. കമ്മറ്റി അംഗങ്ങൾക്ക്

2. പ്രിൻസിപ്പൽ, ആർ എൽ വി കോളേജ്, തൃപ്പൂണിത്തുറ/ചെമ്പൈ സ്മാരക സർക്കാർ സംഗീത കോളേജ് , പാലക്കാട്/എസ് ആർ വി കോളേജ് തൃശ്ശൂർ /ഐ എ എസ് ഇ. തൃശ്ശൂർ

3. വിവിധ സർവീസ് സംഘടനാ ഭാരവാഹികൾക്ക് .

4. വിദ്യാർത്ഥി സംഘടനകൾക്ക്

3. സി എ, അഡീഷണൽ ഡയറക്ടർ & ഡെപ്യൂട്ടി ഡയറക്ടർ

4. സൂപ്രണ്ട് . ബി & ജെ സെക്ഷൻ

5. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.